# Malayala Manorama

# 17 August 2018

# Kumali, Mullaperiyar Dam, Water Level Rise



## മുല്ലപ്പെരിയാർ 142 കടന്ന് മുകളിലേക്ക്

**മനോരമ ലേഖകൻ**

കുമളി ● മുല്ലപ്പെരിയാർഅണക്കെട്ടിലെ ജലനിരപ്പ് അനുവദനീയ സംഭരണ ശേഷിയായ 142 കടന്ന് 143ലേക്ക് ഉയർന്നു. ഇതോടെ തമിഴ്നാട് സർക്കാർ, അണക്കെട്ടിന്റെ സ്പിൽവേയിലെ 13 ഷട്ടറുകളും കൂടുതൽ ഉയർത്തി. പെരിയാറിന്റെ തീരത്തെ കൂടുതൽ പ്രദേശങ്ങൾ വെള്ളത്തിലായി. ഇന്നലെ വൈകിട്ട് മൂന്നു മണിക്കുള്ള കണക്കു പ്രകാരം 141.95 അടിയാണ് അണക്കെട്ടിലെ ജലനിരപ്പ്.

ജലനിരപ്പ് 140 അടി പിന്നിട്ടതിനെ തുടർന്ന് ബുധൻ പുലർച്ചെ 2.35ന് ആണ് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സ്പിൽവേയിലെ ഷട്ടറുകൾ തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കാൻ തുടങ്ങിയത്. ഒഴുക്കുന്നതിന്റെ ഇരട്ടിയിലധികമെന്ന കണക്കിൽ വെള്ളം അണക്കെട്ടിലേക്ക് എത്തിയത് തമിഴ്നാടിന്റെ കണക്കുകൂട്ടലുകൾ തെറ്റിച്ചു. ചൊവ്വ വൈകിട്ട് അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് സെക്കൻഡിൽ 9000 ഘനയടിയായിരുന്നത് ബുധൻ പുലർച്ചെ 24000 ഘനയടിയായി ഉയർന്നു. ഒരു ഘട്ടത്തിൽ നീരൊഴുക്ക് 30000 ഘനയടിവരെയെത്തി.

ജലനിരപ്പ് 142 അടിയാക്കി നിർത്താനാണ് തമിഴ്നാടിന്റെ ശ്രമം. 136 അടിയിൽ കൂടരുതെന്നാണ് കേരളത്തിന്റെ നിലപാട്. അതേസമയം 152 വരെ ഉയർന്നാലും സുരക്ഷിതമാണെന്നാണ് തമിഴ്നാടിന്റെ വാദം.

മുല്ലപ്പെരിയാർ അണക്കെട്ടിലെ വെള്ളം പുറത്തേക്ക് ഒഴുകാൻ തുടങ്ങിയതോടെ അതിശക്തമായ ജലപ്രവാഹമാണ് ഉപ്പുതറയിൽ.

പല വ്യാപാര സ്ഥാപനങ്ങളിലും വെള്ളം കയറി. ഉപ്പുതറ ചപ്പാത്ത് പൂർണമായി മുങ്ങി. ഈ പ്രദേശങ്ങളിലെ ജനങ്ങൾ പൂർണമായി ഒറ്റപ്പെട്ടു. നിയന്ത്രണമില്ലാതെയാണു മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്നുള്ള വെള്ളം പുറത്തേക്കൊഴുക്കുന്നതെന്നു തീരദേശവാസികൾ പറയുന്നു.

വള്ളക്കടവ് മുതലുള്ള മേഖലകളിൽ അപ്രതീക്ഷിതമായി ഉയരങ്ങളിലേക്ക് വെള്ളം പൊങ്ങി. നേരത്തേ ആളെ ഒഴിപ്പിച്ചിരുന്ന വീടുകൾക്ക് സമീപമുള്ള സ്ഥലങ്ങളിലെല്ലാം വെള്ളം കയറി.